"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാമൂഹ്യനീതി വകുപ്പ്- സ്നേഹയാനം പദ്ധതിയ്ക്കായി 2025-26 വർഷത്തേക്ക് തുക ചെലവഴിക്കുന്നതിനുള്ള ഭരണാനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (ബി) വകുപ്പ്**

G.O.(Rt)No.90/2026/SJD തീയതി,തിരുവനന്തപുരം, 15-03-2026

---

പരാമർശം:- 1. സാമൂഹ്യനീതി ഡയറക്ടറുടെ 28.01.2026-ലെ SJD/3662/2024-D1 നമ്പർ കത്ത്.

2. 11.02.2026-ലെ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്

**<u>ഉത്തരവ്</u>**

നാഷണൽ ട്രസ്റ്റ് നിയമത്തിലുൾപ്പെടുന്ന ഓട്ടിസം, സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം, മൾട്ടിപ്പിൾ ഡിസെബിലിറ്റി എന്നിവ ബാധിച്ച 80 ശതമാനത്തിലധികം തീവ്രതയുള്ള കുട്ടികളെ സ്കൂളിലും തെറാപ്പി സെന്ററുകളിലും എത്തിക്കുന്നതിനും, ബാക്കി സമയങ്ങളിൽ വാടകയ്ക്ക് ഓട്ടം നടത്തി വരുമാനം കണ്ടെത്തുന്നതിനുമായി അമ്മമാർക്ക് സൗജന്യമായി ഇലക്ട്രിക് ഓട്ടോ നൽകുന്ന സ്നേഹയാനം പദ്ധതിയെക്കുറിച്ചുള്ള പ്രൊപ്പോസൽ സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ പരാമർശം (1) പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്. ഭിന്നശേഷിക്കാരായ കുട്ടികളുടെയും അവരുടെ കുടുംബങ്ങളുടേയും ഉന്നമനം മുൻനിർത്തി, 2025-26 വർഷത്തിൽ പദ്ധതി നടപ്പിലാക്കുന്നതിനും 2235-60-200-83 (പി) ശീർഷകത്തിൽ നിന്നും 56,00,000/- (അൻപത്തിയാറ് ലക്ഷം) രൂപ ചെലവഴിക്കുന്നതിനുമുള്ള അനുമതി നൽകണമെന്ന് സാമൂഹ്യനീതി ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

2) പരാമർശം (2) പ്രകാരം 11.02.2026-ൽ നടന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ഇനം നം. 2-ആയി ഈ വിഷയം പരിഗണിക്കുകയും 2025-26 വർഷത്തിൽ പദ്ധതി നടപ്പിലാക്കുന്നതിനും 2235-02-200-83 (പി) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും 56,00,000/- (അൻപത്തിയാറ് ലക്ഷം) രൂപ ചെലവഴിക്കുന്നതിനുമുള്ള അംഗീകാരം

നൽകിയിട്ടുമുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സ്നേഹയാനം പദ്ധതിയുമായി ബന്ധപ്പെട്ട് 2025-26 സാമ്പത്തിക വർഷത്തേക്ക് 56,00,000/- (അൻപത്തിയാറ് ലക്ഷം രൂപ ) 2235-02-200-83 (പി) ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനുള്ള ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാരും സ്നേഹയാനം പദ്ധതിയുമായി ബന്ധപ്പെട്ട റിപ്പോർട്ട് മൂന്ന് മാസത്തിലൊരിക്കൽ സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

Dr ADEELA ABDULLA I A S

SPECIAL SECRETARY

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ജി.&എസ്.എസ്.എ), കേരള, തിരുവനന്തപുരം

ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം

ധനകാര്യ വകുപ്പ്

സാമൂഹ്യനീതി (എ) വകുപ്പ്

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂമീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Jasmine Thomas**
**Date: 15-03-2026 11:42:43**

സെക്ഷൻ ഓഫീസർ